# മഹാത്മാഗാന്ധി സർവ്വകലാശാല

**കെ.എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 - 2731020, 2732650
മൊബൈൽ: 9846720402

പി.ആർ.ഒ./39/136/2018 2018 ജൂൺ 26

## പത്രക്കുറിപ്പ്

**പുതുക്കിയ പരീക്ഷാ തീയതി**

നാലാം സെമസ്റ്റർ എം.ബി.എ. (2016 അഡ്മിഷൻ റഗുലർ/2013 - 2015 അഡ്മിഷൻ സപ്ലിമെന്ററി/2012 അഡ്മിഷൻ ആദ്യ മേഴ്സി ചാൻസ്) പരീക്ഷകൾ ജൂലൈ 10ന് ആരംഭിക്കുന്നതിനായി പുതുക്കി നിശ്ചയിച്ചു.

**പരീക്ഷാ തീയതി**

അഫിലിയേറ്റഡ് കോളേജുകളിലെ രണ്ടാം സെമസ്റ്റർ എം.കോം ജൂലൈ 2018 (സി.എസ്.എസ്. - 2017 അഡ്മിഷൻ റഗുലർ/2014, 2015 & 2016 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ജൂലൈ 11ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

അഫിലിയേറ്റഡ് കോളേജുകളിലെ രണ്ടാം സെമസ്റ്റർ എം.എ., എം.എസ്.ഡബ്ല്യു, എം.സി.ജെ. & എം.ടി.എ. ജൂലൈ 2018 (സി.എസ്.എസ്. - 2017 അഡ്മിഷൻ റഗുലർ/2014, 2015 & 2016 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ജൂലൈ 11ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

അഫിലിയേറ്റഡ് കോളേജുകളിലെ രണ്ടാം സെമസ്റ്റർ എം.എസ്.സി. ജൂലൈ 2018 (സി.എസ്.എസ്. - 2017 അഡ്മിഷൻ റഗുലർ/2014, 2015 & 2016 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ജൂലൈ 11ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**കാമ്പസ് അഭിമുഖവും സ്റ്റാർട്ടപ്പ് പരിശീലനവും**

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് ബയോസയൻസിൽ സൈജീനോം റിസേർച്ച് ഫൗണ്ടേഷന്റെയും കേരള സംസ്ഥാന ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെയും ആഭിമുഖ്യത്തിൽ ബയോടെക്നോളജി, ബയോകെമിസ്ട്രി, മൈക്രോബയോളജി, ബയോഫിസിക്സ് എന്നീ വിഷയങ്ങളിൽ കാമ്പസ് അഭിമുഖവും സ്റ്റാർട്ടപ്പ് പരിശീലനവും നടന്നു. കാമ്പസ് അഭിമുഖത്തിൽ സ്കൂൾ ഓഫ് ബയോസയൻസസിലെ വിദ്യാർത്ഥികൾക്കു പുറമേ സർവ്വകലാശാലയിലെ വിവിധ എയ്ഡഡ് കോളേജുകളിലെ സമാന കോഴ്സുകളിലെ വിദ്യാർത്ഥികളും പങ്കെടുത്തു. ബയോളജി അടിസ്ഥാനമാക്കിയുള്ള സ്റ്റാർട്ടപ്പ് സംരംഭങ്ങൾ തുടങ്ങുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചും അതിനുവേണ്ട തയ്യാറെടുപ്പിനെക്കുറിച്ചും മാഗ്ജീനോമിന്റെ സി.ഇ.ഒ. ഡോ. രാംചന്ദ് സംസാരിച്ചു. ഇത്തരം സംരംഭങ്ങൾക്ക് വിദ്യാർത്ഥികൾ മുന്നിട്ടിറങ്ങേണ്ടതിന്റെ ആവശ്യകത അദ്ദേഹം വിശദീകരിച്ചു. ബയോസയൻസസിലെ ഡോ. ജയചന്ദ്രൻ, ഡോ. രാധാകൃഷ്ണൻ എന്നിവർ നേതൃത്വം നൽകി.

**പരീക്ഷാഫലം**

2017 സെപ്തംബർ മാസത്തിൽ നടത്തിയ (അഫിലിയേറ്റഡ് കോളേജ് സ്ട്രീം) നാലാം സെമസ്റ്റർ എം.സി.എ. (2015 അഡ്മിഷൻ റഗുലർ/2011 - 2014 അഡ്മിഷൻ സപ്ലിമെന്ററി, ലാറ്ററൽ എൻട്രി - 2016 അഡ്മിഷൻ റഗുലർ/2013 - 2015 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 10 വരെ അപേക്ഷിക്കാം.

2017 സെപ്തംബർ മാസത്തിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എ. എൽ.എൽ.ബി.

(പഞ്ചവത്സരം)(ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ഓണേഴ്സ് - 2016 അഡ്മിഷൻ റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 4 വരെ അപേക്ഷിക്കാം.

2017 ഡിസംബർ, 2018 ജൂൺ എന്നീ മാസത്തിൽ ഐ.ഐ.ആർ.ബി.എസിൽ നടത്തിയ ഒൻപതും പത്തും സെമസ്റ്റർ പഞ്ചവത്സര ഇന്റർ ഡിസിപ്ലിനറി മാസ്റ്റർ ഓഫ് സയൻസ് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി.

2018 മെയ് മാസത്തിൽ സ്‌കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്‌മെന്റ് സ്റ്റഡീസിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എ. ഗാന്ധിയൻ സ്റ്റഡീസ്, ഡെവലപ്‌മെന്റ് സ്റ്റഡീസ് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി.

2018 ഏപ്രിൽ മാസത്തിൽ സ്‌കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.ടെക് എഞ്ചിനീയറിംഗ് ആന്റ് ടെക്‌നോളജി (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി.

**സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം: പ്രവേശന കൗൺസലിംഗ് ജൂൺ 28ന്**

മഹാത്മാഗാന്ധി സർവ്വകലാശാലാ ഡിപ്പാർട്ട്‌മെന്റ് ഓഫ് ലൈഫ്‌ലോങ് ലേണിങ് ആന്റ് എക്സ്റ്റൻഷൻ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ സിവിൽ സർവ്വീസ് പ്രാഥമിക പരീക്ഷാ പരിശീലനത്തിന് തെരഞ്ഞെടുക്കപ്പെട്ട കുട്ടികളുടെ പ്രവേശന കൗൺസലിങ് ജൂൺ 28, 29 തീയതികളിൽ രാവിലെ 10 മുതൽ നടക്കും. വിശദവിവരങ്ങൾ www.mgu.ac.in, www.dllemgu.in എന്നീ വെബ്‌സൈറ്റുകളിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0481 - 2731560, 2731724.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**